**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.40** **02.03.2020-ൽ മറുപടിക്ക്**

**പി.എസ്.സി. പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിന് നടപടി**

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടാകുന്നുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾ തടയുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് പി.എസ്.സി. കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | പി.എസ്.സി. പരീക്ഷകളിൽ ക്രമക്കേട് തടയുന്നതിനായി പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുകയും ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം പി.എസ്.സി. പരീക്ഷകളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിന്റെ സൈബർ ക്രൈം വിഭാഗത്തിന്റെ നേതൃത്വത്തിൽ പി.എസ്.സി. ഉദ്യോഗസ്ഥർക്കും, പരീക്ഷാകേന്ദ്രങ്ങളിലെ അദ്ധ്യാപകർക്കും ആവശ്യമായ പരിശീലനം നൽകി വരുന്നു. |
| (ബി) | ചോദ്യപേപ്പർ തയ്യാറാക്കുന്നവർ ഗൈഡുകളിൽ നിന്നും ചോദ്യങ്ങൾ പകർത്തുന്നുവെന്ന വ്യാപക പരാതികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ; | (ബി) യും (സി) യും | ചോദ്യങ്ങളിൽ ചിലത് ഗൈഡുകളിൽ നിന്ന് പകർത്തുന്നുവെന്ന രീതിയിൽ പരാതികൾ ലഭിക്കാറുണ്ട്. പ്രസ്തുത പരാതികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് വിഭാഗം അന്വേഷിക്കുന്നുമുണ്ട്. നാളിതുവരെയുള്ള പരാതികളിൽ ചോദ്യകർത്താക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള തെളിവുകൾ ലഭിച്ചിട്ടില്ല. 2019 ൽ ഇത്തരത്തിൽ ആരെയും അയോഗ്യരാക്കിയിട്ടില്ല. |
| (സി) | ഇത്തരം പരാതിക്ക് ഇട നൽകുംവിധം പ്രവർത്തിച്ച വ്യക്തികളെ ചോദ്യപേപ്പർ തയ്യാറാക്കുന്ന പാനലിൽ നിന്നും സ്ഥിരമായി നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ 2019 ൽ എത്ര പേർക്കെതിരെ അത്തരത്തിൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് മുഖേന അറിയിപ്പ് നൽകുന്ന നടപടി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇത് വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ? | (ഡി) | നിയമന ശിപാർശ കൈപ്പറ്റുവാൻ ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്. മുഖേനയും പ്രൊഫൈൽ മെസ്സേജ് മുഖേനയും അറിയിപ്പ് നൽകി വരുന്നു. തദനുസരണം ഉദ്യോഗാർത്ഥികൾ നിലവിൽ നേരിട്ട് നിയമന ശിപാർശ കൈപ്പറ്റി വരുന്നു. അതിനാൽ നിയമനശിപാർശ തപാൽ മുഖേന ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നില്ല എന്ന പരാതി അവസാനിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ